"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. F3/28534/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
വികാസ് ഭവൻ
തിരുവനന്തപുരം -33
Thiruvananthapuram

## സർക്കുലർ

വിഷയം:- 2017-2018 അധ്യയന വർഷത്തെ ട്രെയിനീസ്കൌൺസിൽ തെരഞ്ഞെടുപ്പ് -സംബന്ധിച്ച്

സൂചന :- ____________

വ്യാവസായിക പരിശീലന വകുപ്പിൻറെ കീഴിലുള്ള എല്ലാ ഐ.ടി.ഐ കളിലേയും കൊല്ലം ബി.റ്റി.സി ലേയും ട്രെയിനീസ് കൗൺസിലിലെ ചെയർമാൻ, ജനറൽ സെക്രട്ടറി, കൗൺസിലർ (കെ.എസ്. ഐ.റ്റി.സി), മാഗസിൻ എഡിറ്റർ, ജനറൽ ക്യാപ്റ്റൻ(സ്പോർട്ട്സ്), സെക്രട്ടറി, കൾച്ചറൽ അഫയേഴ്സ് എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നിലവിലുള്ള നിയമനങ്ങൾക്ക് വിധേയമായി താഴെ പറയും പ്രകാരം നടത്തേണ്ടതാണ്. ഇതിലേക്കായി സൂപ്പർവൈസറി തസ്തികയിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ റിട്ടേണിംഗ് ഓഫീസറായും സീനിയറായിട്ടുള്ള ഒരു ഇൻസ്ട്രക്ടറെ അസി.റിട്ടേണിംഗ് ആഫീസറായും അതാത് പ്രിൻസിപ്പാൾമാർ ഉത്തരവ് മുഖേന നിയോഗിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | തിരഞ്ഞെടുപ്പ് വിജ്ഞാപനം | 01-02-2018 |
| 2 | വോട്ടർ പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 02-02-2018 |
| 3 | വോട്ടർ പട്ടികയുടെ പരാതി പരിഹരിക്കൽ | 15-02-2018 (up to 12 Noon) |
| 4 | വോട്ടർ പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 16-02-2018 (3pm) |
| 5 | നാമനിർദ്ദേശ പത്രികാ സമർപ്പണം | 17-02-2018 (3pm) |
| 6 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 19-02-2018 (up to 3 pm) |
| 7 | സ്ഥാനാർത്ഥി പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 20-02-2018 (4 pm) |
| 8 | നാമനിർദ്ദേശ പത്രിക പിൻവലിക്കൽ | 21-02-2018 (3 pm) |
| 9 | സ്ഥാനാർത്ഥി പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 22-02-2018 (4 pm) |
| 10 | തെരഞ്ഞെടുപ്പ് പ്രചരണം | 23-02-2018 to 26-02-2018<br>(10 am to 3 pm in theory classes) |
| 11 | സ്ഥാനാർത്ഥികളുടെ പരിചയപെടൽ | 27-02-2018 (11 am) |
| 12 | തെരഞ്ഞെടുപ്പ് | 28-02-2018 (8 am to 1 pm) |
| 11 | ഫലപ്രഖ്യാപനം | 28-02-2018 (4 pm) |

**2017-18 വർഷ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന പൊതു പെരുമാറ്റ ചട്ടങ്ങൾ**

1. സ്ഥാനാർത്ഥി ആകുന്നവർക്ക് 75% ഹാജർ ഉണ്ടായിരിക്കണം
2. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്ന തീയതി മുതൽ പെരുമാറ്റ ചട്ടം നിലവിൽ വരും.
3. ഈ കാലയളവിൽ നിലവിലുള്ള കൗൺസിലിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് അവകാശമില്ല.
4. മാഗസീൻ പ്രസിദ്ധീകരിക്കാൻ പാടില്ല.
5. ഇലക്ഷൻ പ്രചരണം നടത്തുന്നതിന് (.23.02.2018 മുതൽ 26.02.2018 വരെ) രാവിലെ 10.00 മണി മുതൽ വൈകിട്ട് 3.00 മണി വരെ തിയറി ക്ലാസ്സുകളിൽ മാത്രം അനുവാദം നൽകുന്നതാണ്..
6. നിലവിലുള്ള ഐ.ഡി കാർഡ് കൈവശം ഉള്ള പരിശീലനാർത്ഥികൾക്ക് മാത്രമേ കാമ്പസിൽ പ്രവേശനത്തിന് അനുവാദമുള്ളൂ. തെരെഞ്ഞെടുപ്പിന്റെ തലേദിവസം .(27.02.2018) പ്രചരണം അനുവദിക്കുന്നതല്ല.
7. വോട്ടർ പട്ടികയിൽ പേര് നിലവിലുള്ളവർക്ക് മാത്രമേ മത്സരിക്കുവാനും, വോട്ട് ചെയ്യുവാനും അവകാശമുള്ളൂ.
8. വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും, മാറ്റം വരുത്തുന്നതിനും, പേര് ഒഴിവാക്കുന്നതിനും ഉള്ള അവകാശം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
9. സ്ഥാനാർത്ഥികൾ വ്യക്തിപരമായ ആക്ഷേപങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
10. ഇലക്ഷൻ സംബന്ധിച്ച പ്രസിദ്ധീകരിച്ചിട്ടുള്ള നിയമാവലി ലംഘിക്കുന്നവരെ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.
11. ഐ.ടി.ഐ കെട്ടിടങ്ങളിൽ/മതിൽ തുടങ്ങിയവയിൽ പോസ്റ്റർ ഒട്ടിക്കുകയോ, ചുമരെഴുത്ത് നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
12. അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്ന സ്ഥലങ്ങളിൽ കൊടിമരവും ബാനറുകളും സ്ഥാപിക്കേണ്ടതാണ്. അനുവദിക്കുന്ന സ്ഥലം സംബന്ധിച്ച് അതാത് പ്രിൻസിപ്പാൾമാർ തീരുമാനം എടുക്കേണ്ടതാണ്, ഇത്തരത്തിൽ സ്ഥാപിക്കുന്ന കൊടിമരങ്ങളും ബാനറുകളും 27.02.2018 വൈകുന്നേരം 3 മണിക്ക് മുൻപായി മാറ്റിയിരിക്കേണ്ടതാണ്.
13. ഇലക്ഷൻ പ്രവർത്തനങ്ങളിലും, പ്രചരണത്തിനും പൂർണ്ണ സമാധാന അന്തരീക്ഷം നിലനിൽക്കാൻ എല്ലാ സംഘടന പ്രവർത്തകരും, സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്.
14. പ്രാക്ടിക്കൽ ഹാളുകളിൽ യാതൊരു വിധത്തിലുള്ള പ്രചരണങ്ങളും അനുവദിക്കുന്നതല്ല.
15. ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികളിൽ റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ഒപ്പ്

ട്രെയിനിംഗ് ഡയറക്ടർ

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സംബന്ധിച്ച് (പേര്, ട്രേഡ്, വിലാസം, തെരഞ്ഞെടുക്കപ്പെട്ട സ്ഥാനം) വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് 28-02-2018 വൈകുന്നേരം 5 മണിക്കു മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് സമാധാനപരമായും, സുഗമമായും നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമായിരിക്കും.

Dr.Sriram Venkitaraman IAS
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഐടിഐ/BTC പ്രിൻസിപാൾമാർക്കും
എല്ലാ ഐടിമാർക്കും, പ്രിൻസിപ്പാൾമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

//അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്